(ബി) പ്രസ്തുത ബഡ്ജറ്റിൽ ധനകാര്യ വകുപ്പിന് കീഴിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നതെന്നും ഓരോന്നിനും എന്ത് തുക വകയിരുത്തിയിരുന്നുവെന്നും എന്ത് തുക അനുവദിച്ചുവെന്നും അതിൽ എന്ത് തുക വീതം ട്രഷറിയിൽ അവശേഷിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വർഷം പൂർത്തിയാക്കാത്ത പദ്ധതികളുണ്ടോ ; ഇവയ്ക്കായി തുടർ വർഷങ്ങളിൽ പണം അനുവദിച്ചിരുന്നോ ; ഇവയിൽ ഇനിയും പൂർത്തിയാകാത്ത പദ്ധതികളുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ട്രഷറി നെറ്റ്‌വർക്കിംഗ്, കോർബാങ്കിംഗ് എന്നീ സംവിധാനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 2015 ഡിസംബർ 31-നകം പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി&സി) ട്രഷറി, ഇൻഷ്വറൻസ്, നാഷണൽ സേവിംഗ്സ്, സ്റ്റേറ്റ് ആഡിറ്റ് എന്നീ വകുപ്പുകളാണ് ധനകാര്യ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നത്. ഇവയിൽ 2012-13-ലെ ബഡ്ജറ്റിൽ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി നടപ്പാക്കി വരുന്ന കമ്പ്യൂട്ടർ വൽക്കരണം, അടിസ്ഥാന സൗകര്യവികസനം തുടങ്ങിയ തുടർ പദ്ധതികളല്ലാതെ പുതിയ പദ്ധതികൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല. തുടർ പദ്ധതികൾക്ക് തുടർന്നുള്ള വർഷങ്ങളിലും പണം അനുവദിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പിന് കീഴിൽ Centre for Training in Financial Management (CTFM) വിപുലീകരിക്കുമെന്നും മൂലകളത്ത് പുതിയ ട്രഷറി ആരംഭിക്കുമെന്നും കെ.എഫ്.സി. വഴി സംസ്ഥാന സ്വയംസംരംഭക മിഷൻ ആരംഭിക്കുമെന്നും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇവയെല്ലാംതന്നെ നടപ്പിലാക്കിയിട്ടുണ്ട്.

പിണറായി സബ് ട്രഷറി

108 (1934) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ സബ് ട്രഷറി സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ സബ്ട്രഷറി സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ഒന്നുംതന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly